പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 5122

27/07/2015-ൽ മറുപടിക്ക്

**ശ്രീമതി ലേജു കൃഷ്ണന് മുൻകാല പ്രാബല്യത്തിൽ നിയമനം**

| ചോദ്യം<br>ശ്രീ.പി.സി വിഷ്ണുനാഥ് | ഉത്തരം<br>ശ്രീ. പി.കെ. അബ്ദുറബ്ബ്,<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| (എ) കൊല്ലം ജില്ലയിൽ കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഇരുമ്പനങ്ങാട് എ.ഇ.പി. എച്ച്.എസ്.എസ്. ലെ സോഷ്യൽസയൻസ് ഹൈസ്കൂൾ അദ്ധ്യാപികയായ ശ്രീമതി ലേജു കൃഷ്ണന് 18.06.2008 മുതൽ 28.08.2009 വരെയുള്ള കാലയളവിൽ ജോലി ചെയ്തിട്ടുള്ള വേതനം ലഭിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ; | (എ) എ.ഇ.പി.എം.എച്ച്.എസ്.എസ്, ഇരുമ്പനങ്ങാട് സ്കൂളിലെ യു.പി.എസ്.എ ആയിരുന്ന ശ്രീ. ബൈജു ജോൺ 2/11/2005 മുതൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽ പെട്ട കേളൻകാവ് ഗവ. യുപിഎസ് ൽ സംരക്ഷിതാദ്ധ്യാപകനായി ജോലി നോക്കി വന്നിരുന്നു. ടിയാനെ മാതൃ വിദ്യാലയത്തിൽ വേക്കൻസി വരുന്ന മുറയ്ക്ക് തിരച്ചു വിളിച്ച് നിയമനം നൽകുന്നതിനു പകരം ശ്രീമതി. ലേജു കൃഷ്ണനെ, ശ്രീമതി. ബി. ജയശ്രീ വിരമിച്ച ഒഴിവിൽ 18/6/2008 മുതൽ മാനേജർ എച്ച്എസ്എ (എസ്എസ്) ആയി നിയമിച്ചു. പ്രസ്തുത നിയമനം കെ.ഇ.ആർ ചട്ടങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത നിയമനം സർക്കാർ അംഗീകരിച്ചിട്ടില്ല. |
| (ബി) നിലവിൽ ഇതുമായി ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ആഫീസിൽ A3/57938/13 എന്ന ഫയലിന്മേൽ നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;<br><br>(സി) അടിയന്തരമായി പ്രസ്തുത കാലയളവിലെ നിയമനം അംഗീകരിച്ച് ടിയാൾക്ക് വേതനം ലഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;<br><br>(ഡി) പ്രസ്തുത ഫയലിൽ അനാവശ്യമായ കാലതാമസം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ബി,സി,ഡി) ശ്രീമതി.ലേജുകൃഷ്ണന്റെ പ്രസ്തുത കാലയളവിലെ നിയമനവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും ജില്ലാ വിദ്യാഭ്യാസ ആഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ